# പതിനാലാം കേരള നിയമസഭ

# പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.565 03/03/2020-ൽ മറുപടിക്ക്

## കാർഷിക വൈദ്യുതി കണക്ഷനുകൾ

| | ചോദ്യം<br><br>**ശ്രീ.സി.കെ. ഹരീന്ദ്രൻ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | പാറശാല നിയോജകമണ്ഡലത്തിൽ വിവിധ സെക്ഷനുകൾക്ക് കീഴിലായി എത്ര കാർഷിക വൈദ്യുതി കണക്ഷനുകളുണ്ടെന്ന് അറിയിക്കാമോ; | (എ) | പാറശാല നിയോജക മണ്ഡലത്തിൽ വിവിധ സെക്ഷനുകൾക്ക് കീഴിലായി 969 കാർഷിക കണഷനുകളുണ്ട്. |
| (ബി) | ഇവയിൽ കൃഷി വകുപ്പ് പണമടയ്ക്കുന്ന കണക്ഷനുകൾ എത്രയാണെന്ന് വെളിപ്പെടുത്താമോ; | (ബി) | കാർഷിക കണക്ഷനുകളിൽ കൃഷി വകുപ്പ് 388 കണക്ഷനുകൾക്ക് പണം അടക്കുന്നുണ്ട്. |
| (സി) | കാർഷിക കണക്ഷൻ നൽകുന്നതിന് പമ്പ് ഹൗസ് നിർബന്ധമാണോയെന്ന് വ്യക്തമാക്കാമോ; | (സി) | കാർഷിക വൈദ്യുതി കണക്ഷനുകൾ വെള്ളം പമ്പ് ചെയ്യേണ്ട ആവശ്യങ്ങൾക്കു പുറമെ കന്നുകാലി ഫാമുകൾ, കോഴി വളർത്തു കേന്ദ്രങ്ങൾ, മീൻ വളർത്തൽ ഫാമുകൾ, പട്ടുനൂൽപ്പുഴു വളർത്തൽ (Sericulture) തുടങ്ങിയ ആവശ്യങ്ങൾക്കായും നൽകാറുണ്ട്.<br>കാർഷിക വൈദ്യുതി കണക്ഷനുകൾക്ക് ഘടിപ്പിക്കുന്ന മീറ്ററും അനുബന്ധ ഉപകരണങ്ങളും സുരക്ഷിതമായി സ്ഥാപിക്കുവാൻ പമ്പ് ഹൗസ് അല്ലെങ്കിൽ വെയിലും മഴയും ഏൽക്കാൻ സാധിക്കാത്ത രീതിയിൽ ഉള്ള സംവിധാനം (എൻക്ലോഷർ) ആവശ്യമാണ് എന്ന് കെ.എസ്.ഇ.ബി നിഷ്കർഷിക്കുന്നുണ്ട്. |
| (ഡി) | കാർഷിക കണക്ഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഡി) | സൗജന്യ കാർഷിക കണക്ഷനുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നത് കൃഷി വകുപ്പാണ്. ആയതിനാൽ കൃഷി വകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് കാർഷിക കണക്ഷനുകൾ കെ.എസ്.ഇ.ബി.എൽ നൽകി വരുന്നത്. നിലവിൽ കാർഷിക വൈദ്യുതി കണക്ഷൻ നൽകുന്നതിന് കൃഷി വകുപ്പ് നിശ്ചയിച്ച മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>01.08.1995 മുതൽ ഭൂപരിധിയില്ലാതെ |

| | | | |
|---|---|---|---|
| | | | നെൽക്കൃഷിക്കും, 01.04.1997 മുതൽ 2 ഹെക്ടർ വരെയുള്ള കരഭൂമിയിലെ ഇതര വിളകളുടെ കൃഷിക്കും സൗജന്യ വൈദ്യുതി പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. 1 സെന്റ് മുതൽ 10 സെന്റ് വരെയുള്ള പോളി ഹൗസുകൾക്കും ഈ ആനുകൂല്യം ഉണ്ട്. പദ്ധതി പ്രകാരം താഴെ പറയുന്ന കർഷകർ ആനുകൂല്യത്തിന് അർഹരാണ്.<br>• 30 സെന്റിൽ കുറയാതെ കൈവശഭൂമിയുള്ളവരും അതിൽ 75% -ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ വ്യക്തികൾ<br>• 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ<br>• 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ |

സെക്ഷൻ ഓഫീസർ